പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1490** **16-10-2026-ൽ മറുപടിയ്ക്ക്**

**നാലുവർഷ ബിരുദ പ്രോഗ്രാമും അടിസ്ഥാന സൗകര്യ വികസനവും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. ഫിറോസ് ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ സർവകലാശാലകളിലും അഫിലിയേറ്റഡ് കോളേജുകളിലും നടപ്പിലാക്കിവരുന്ന നാലുവർഷ ബിരുദ പ്രോഗ്രാം (എഫ്.വൈ .യു.ജി.പി) കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി ലാബുകൾ, ലൈബ്രറികൾ, ഡിജിറ്റൽ സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ നാലുവർഷ ബിരുദ പ്രോഗ്രാം (FYUGP) കൂടുതൽ നടപ്പിലാക്കുന്നതിനും കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ആധുനികവത്കരിക്കുന്നതിനുമായി Physical, Human and IT infrastructure up gradation, development and maintenance എന്ന പദ്ധതി വിഹിതത്തിൽ നിന്നുള്ള തുക വിനിയോഗിച്ചുകൊണ്ട് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനായി ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങളാണ് പ്രധാനമായും സ്വീകരിച്ചിട്ടുള്ളത്.

1. ലാബുകളുടെ നവീകരണവും ആധുനികവത്കരണവും: പുതിയ തൊഴിലധിഷ്ഠിത കോഴ്സുകൾക്കും നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്കും ആവശ്യമായ ആധുനിക ലബോറട്ടറി ഉപകരണങ്ങൾ, ഐ.സി.ടി. സൗകര്യങ്ങൾ, consumables, specimens എന്നിവ വാങ്ങുന്നതിനും നിലവിലുള്ള ലാബുകൾ നവീകരിക്കുന്നതിനുമായി പദ്ധതി വിഹിതം തുക അനുവദിച്ചുവരുന്നു.

2. കോളേജുകളിൽ ഡിജിറ്റൽ പഠനരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും അധ്യയന നിലവാരം ഉയർത്തുന്നതിന്റെയും ഭാഗമായി അത്യാധുനിക ഐ.സി.ടി. ഉപകരണങ്ങൾ വാങ്ങൽ/സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരിക്കൽ അവയുടെ കൃത്യമായ പരിപാലനം ഉറപ്പാക്കൽ എന്നിവയ്ക്കായി മേൽ പരാമർശിച്ചത് പ്രകാരം പദ്ധതി വിഹിതത്തിൽ നിന്നും തുക അനുവദിച്ചുവരുന്നു.

3. കേന്ദ്രീകൃത ലൈബ്രറി സംവിധാനം ശക്തിപ്പെടുത്തുക, ലൈബ്രറികൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുക, വിദ്യാർത്ഥികൾക്ക് ഹൈ-സ്പീഡ് ഇൻറർനെറ്റ് സൗകര്യം ലഭ്യമാക്കുക എന്നിവയ്ക്കായും പദ്ധതി വിഹിതം തുക അനുവദിക്കുന്നുണ്ട്. കൂടാതെ,

അന്താരാഷ്ട്ര ജേണലുകൾ മുൻകൂറായി തുകയടച്ച് (advance payment) സബ്സ്ക്രൈബ് ചെയ്യുക, ആവശ്യമായ പുതിയ ലൈബ്രറി പുസ്തകങ്ങൾ വാങ്ങുക, ലൈബ്രറി ഓട്ടോമേഷൻ നടപ്പിലാക്കുക എന്നീ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി ചെയ്തുവരുന്നു.

**(ബി)** ഫോർ ഇയർ അണ്ടർഗ്രാജ്വേറ്റ് പ്രോഗ്രാമിന്റെ (എഫ്.വൈ.യു.ജി.പി) പുതിയ പാഠ്യപദ്ധതി, ക്രെഡിറ്റ് സംവിധാനം, ഇന്റേൺഷിപ്പ്, ഗവേഷണാധിഷ്ഠിത പഠനം എന്നിവ ഫലപ്രദമായി നടപ്പാക്കുന്നതിനായി അധ്യാപകർക്ക് പരിശീലനം നൽകുന്ന സംവിധാനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

<u>**മറുപടി:**</u> ഉന്നത വിദ്യാഭ്യാസ കൗൺസിൽ 54 അധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ട് പ്രഥമ ഔട്ട് കം ബേസ്ഡ് എഡ്യൂക്കേഷൻ (OBE) റീ ട്രെയിനിംഗ് ഇതിനകം സംഘടിപ്പിച്ചു കഴിഞ്ഞു.

കൂടാതെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (AI) സാധ്യതകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി, സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി (DTE) സഹകരിച്ച് അധ്യാപകർക്കായി പ്രത്യേക 'AI ഗുരു (AI Guru)' ഫാക്കൽറ്റി ഡെവലപ്മെന്റ്/ പരിശീലന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലൂടെ ഡിജിറ്റൽ/എ.ഐ. അധിഷ്ഠിത ആധുനിക അധ്യാപന രീതികൾ ക്ലാസ്സ് മുറികളിൽ നടപ്പിലാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുന്നു. കൂടാതെ പദ്ധതി വിഹിതം തുക ഉപയോഗപ്പെടുത്തിക്കൊണ്ട് നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ പുതിയ പാഠ്യപദ്ധതി, ക്രെഡിറ്റ് സംവിധാനം, ഇന്റേൺഷിപ്പുകൾ, പഠനം (Research/Dissertation) എന്നിവ കൃത്യമായി മനസ്സിലാക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി പുതുതായി നിയമിക്കപ്പെടുന്ന അധ്യാപകർക്കായി ഇൻഡക്ഷൻ പ്രോഗ്രാമുകളും ശിൽപ്പശാലകളും സംഘടിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്.

**(സി)** വിദ്യാർത്ഥികൾക്ക് വ്യവസായ സ്ഥാപനങ്ങൾ, ഗവേഷണ കേന്ദ്രങ്ങൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി ഇന്റേൺഷിപ്പ്, പ്രോജക്ട്, ഗവേഷണ അവസരങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

<u>**മറുപടി:**</u> 1. ബോധവൽക്കരണ ശിൽപശാലകൾ :- വിദ്യാർത്ഥികളുടെ പഠന മേഖലയുമായി ബന്ധപ്പെട്ട ശിൽപശാലകൾ കോളേജുകളിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. തൊഴിൽ വിപണി പ്രവണതകളെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ പങ്കിടാൻ വ്യവസായ പ്രൊഫഷണലുകൾ ടി ശില്പശാലകളിൽ സ്ഥിരം ക്ഷണിതാക്കളാണ്. സർക്കാർ കോളേജുകളിൽ ഇത്തരത്തിലുള്ള ശില്പശാലകൾ നടത്തുന്നതിന് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായങ്ങൾ നൽകിവരുന്നുണ്ട്.

2. വിദ്യാർത്ഥികളുടെ താൽപ്പര്യങ്ങൾക്ക് അനുയോജ്യമായ കരിയർ തിരിച്ചറിയാൻ സഹായകമായ കരിയർ കൗൺസിലിംഗ് കോളേജുകളിൽ നടത്തി വരുന്നുണ്ട്.

3. സ്കിൽ ഡെവലപ്മെൻറ് പ്രോഗ്രാമുകൾ :- തൊഴിൽ മേഖലയിൽ മികച്ച അവസരങ്ങൾ നേടിയെടുക്കുന്നതിന് വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിന് ബന്ധപ്പെട്ട സ്കിൽ ട്രെയിനിങ്

കോഴ്സുകൾ നാല് വർഷ ഡിഗ്രി പ്രോഗ്രാമിന്റെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി സർക്കാർ ASAP, CCEK പോലെയുള്ള ഏജൻസികളെ നേരിട്ട് ചുമതലപെടുത്തിയിട്ടുമുണ്ട്.

4. ഇൻറേൺഷിപ്പ് അവസരങ്ങൾ :- നാല് വർഷ ഡിഗ്രി പ്രോഗ്രാമിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ഇൻറേൺഷിപ് അവസരങ്ങൾ നൽകുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് .

**സെക്ഷൻ ഓഫീസർ**